**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 264** **12-10-2026-ൽ മറുപടിയ്ക്ക്**

**കുട്ടനാട് നിയോജക മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** കുട്ടനാട് നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പതിമൂന്ന് ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത റേഷൻ ലൈസൻസികളുടെ എണ്ണം എത്രയെന്നും ഇതിൽ എത്രയെണ്ണത്തിനോടനുബന്ധിച്ച് കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

**മറുപടി:** കുട്ടനാട് നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പതിമൂന്ന് ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ 105 അംഗീകൃത റേഷൻ ലൈസൻസികൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഇതിൽ 14 ന്യായവിലക്കടകൾ കെ-സ്റ്റോറുകളായി പ്രവർത്തിക്കുന്നു.

**(ബി)** പ്രദേശത്ത് കൂടുതൽ കെ-സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് പുതിയതായി കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുള്ളതെന്നും അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തെന്നും വിശദമാക്കാമോ?

**മറുപടി:** കെ-സ്റ്റോർ അനുവദിക്കുന്നതിനായി പുതിയ അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലുള്ള റേഷൻ കടകളെ കെ സ്റ്റോറുകളായി പരിവർത്തനം ചെയ്യുന്നതിന് 26/04/2023 ലെ സ.ഉ.(സാധാ) നം.167/2023/ഭപൊവിവ, 13/12/2024 ലെ സ.ഉ.(സാധാ) നം.398/2024/ഭപൊവിവ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് കെ-സ്റ്റോർ നടത്താൻ സ്വമേധയാ തയ്യാറായി വരുന്ന, 300 സ്ക്വയർ ഫീറ്റിൽ കുറയാത്ത വിസ്തീർണ്ണമുള്ള കടമുറിയുള്ള ലൈസൻസികൾക്ക് അർഹത പരിശോധിച്ച് കെ-സ്റ്റോർ അനുവദിക്കുന്നു.

**സെക്ഷൻ ഓഫീസർ**